**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 52** **12-01-2021 - ൽ മറുപടിയ്ക്ക്**

**ക്ഷേമപെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആർ.രാജേഷ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | 2016-ൽ യു.ഡി.എഫ് സർക്കാർ അധികാരം ഒഴിയുമ്പോൾ എത്ര മാസം വരെയുള്ള ക്ഷേമപെൻഷനാണ് കുടിശ്ശികയാക്കിയത്; | (എ) | 2016-ൽ യു.ഡി.എഫ്സർക്കാർ അധികാരം ഒഴിയുമ്പോൾ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾക്ക് 1473.67 കോടി രൂപയും. ക്ഷേമനിധി ബോർഡുകള്ക്ക് 260.35 കോടി രൂപയും വ്യത്യസ്ത കാലയളവുകളിലായി കുടിശ്ശിക നൽകാനുണ്ടായിരുന്നു. ഗുണഭോക്താക്കൾക്കുണ്ടായ കുടിശ്ശികയ്ക്ക് ഏകീകൃത കാലയളവ് ഉണ്ടായിരുന്നില്ല. |
| (ബി) | ഈ കുടിശ്ശിക ഏതെല്ലാം ഘട്ടത്തിലായി കൊടുത്തുതീർക്കാൻ കഴിഞ്ഞെന്നും അതിനായി എത്ര തുക ചെലവഴിക്കേണ്ടി വന്നുവെന്നും വ്യക്തമാക്കുമോ; | (ബി) | മുൻ സർക്കാർ അധികാരം ഒഴിയുമ്പോൾ സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശ്ശികയുണ്ടായിരുന്ന തുകയായ 1473.67 കോടി രൂപയും ക്ഷേമനിധി ബോർഡുശകള്ക്ക് നല്കാനുണ്ടായിരുന്ന കുടിശ്ശികയായ 260.35 കോടി രൂപയും വിവിധ ഘട്ടങ്ങളിലായി മുഴുവനായി വിതരണം ചെയ്തിട്ടുണ്ട് |
| (സി) | ഈ കാലയളവിൽ എത്ര പേർക്ക് ക്ഷേമപെൻഷൻ നൽകിയിരുന്നുവെന്നും എത്ര തുക വീതമായിരുന്നുവെന്നും ഈ സർക്കാർ ഇതുവരെ എത്ര പേർക്കുകൂടി പുതുതായി പെൻഷൻ നൽകിയെന്നും, പെൻഷൻ തുക എത്രമാത്രം വർദ്ധിപ്പിച്ചുവെന്നും വിശദമാക്കുമോ; | (സി) | കഴിഞ്ഞ സർക്കാർ സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡ്ഡി പെൻഷനുകൾ 4132826 പേർക്കാ ണ് അനുവദിച്ചിരുന്നത്. അനുവദിച്ചിരുന്ന തുകയുടെ വിശദാംശങ്ങൾ പെൻഷൻ ഇനം തിരിച്ച് ച്ചുവടെ ചേർക്കു ന്നു. ക്രമ നം പെൻഷൻ ഇനം പെൻഷൻ ഉപ വിഭാഗം തുക 1 ഇന്ദിരാഗാന്ധി ദേശീയ വാർദ്ധദക്യകാല പെൻഷൻ പ്രായം 75 വയസ്സിന് മുകളിൽ 1500 പ്രായം 75 വയസ്സ് വരെ 600 2 ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ 80 ശതമാനവും അതിനു മുകളിലും വൈകല്യമുള്ളവർ 1100 80 ശതമാനത്തിനു താഴെ വൈകല്യമുള്ളവർ 800 3 ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ 800 4 കർഷ ക തൊഴിലാളി പെൻഷൻ 600 5 50 വയസ്സുകഴിഞ്ഞ അവിവാഹിതകള്ക്കുള്ള പെൻഷൻ 800 ഈ സർക്കാർ പുതുതായി 1429976പേർക്കുകൂടി ക്ഷേമപെൻഷൻ നൽകിയിട്ടുണ്ട്. ഈ സർക്കാർ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഓരോന്നും 01.06.2016 ൽ 1000/- രൂപയായും 01.04.2017 മുതൽ 1100/- രൂപയായും, |

| | | | |
|---|---|---|---|
| | | | 01.04.2019 മുതൽ 1200/- രൂപയായും ഉയർത്തുകയും, ഉയർന്ന നിരക്കിൽ പെൻഷൻ അനുവദിക്കപ്പെട്ടിരുന്നവർക്ക് അത് തുടർന്നും വാങ്ങുവാനും അനുവദിച്ചിരുന്നു. വിവിധ ക്ഷേമനിധി പെൻഷനുകൾക്കും ഈ വർദ്ധനവ് നടപ്പിലാക്കിയിട്ടുണ്ട്. 80 ശതമാനവും അതിൽ കൂടുതലും വൈകല്യമുള്ളവർക്ക് 21.02.2018 മുതൽ പെൻഷൻ തുക 1100/- രൂപയിൽ നിന്നും 1300/- രൂപയാക്കി വർദ്ധിപ്പിച്ചിരുന്നു. തുടര്ന്ന് 01.04.2020 മുതൽ സാമൂഹ്യസുരക്ഷാ/ ക്ഷേമനിധി ബോര്ഡുയ പെൻഷൻ തുക 1300/- രൂപയായും, 01.09.2020 മുതൽ 1400/-യായും വര്ദ്ധിസപ്പിച്ചിരുന്നു. 05/01/2021-ലെ സ.ഉ(എം.എസ്.)നം. 3/2021/ധന പ്രകാരം 2021 ജനുവരി മുതൽ സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോര്ഡുയ പെൻഷൻ തുക1500/- രൂപയായി വര്ദ്ധിിപ്പിച്ചിട്ടുണ്ട്. |
| (ഡി) | നിലവിൽ സംസ്ഥാനത്ത് സാമൂഹ്യക്ഷേമപെൻഷനായും ക്ഷേമനിധി പെൻഷനായും എത്ര പേർക്ക് എത്ര തുക വീതം നൽകുന്നുണ്ട്; | (ഡി) | സേവനയിലെ കണക്കുകൾ പ്രകാരം 4862847 സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളും 699955 ക്ഷേമനിധി ബോര്ഡു7 പെൻഷൻ ഗുണഭോക്താക്കളും ചേര്ത്ത് ആകെ 5562802 ഗുണഭോക്താക്കളാണുള്ളത്. നിലവിൽ (2020 ഡിസംബർ മാസത്തെ കണക്കുകൾ പ്രകാരം) സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായി 624,13,40,100/- രൂപയും ക്ഷേമനിധി ബോര്ഡ്ണ പെൻഷൻ വിതരണത്തിനായി 86,67,61,400/- രൂപയും ചേര്ത്ത് ആകെ710,81,01,500/- രൂപ നല്കിംയിട്ടുണ്ട്. |
| (ഇ) | ഇതിനായി മൊത്തം ചെലവഴിച്ച തുക എത്രയാണ്; പെൻഷൻ വിതരണം സുഗമമാക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ഇ) | ഈ സര്ക്കാ്ർ അധികാരത്തിൻ വന്നതിനു ശേഷം സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായി 27317.08 കോടി രൂപയും, ക്ഷേമനിധി ബോര്ഡ് പെൻഷൻ വിതരണത്തിനായി 4067.15 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. പെൻഷൻ വിതരണം സുഗമമാക്കുന്നതിനായി ഗുണഭോക്താക്കളുടെ സൗകര്യാര്ത്ഥം ബാങ്കു മുഖേനയോ, പ്രാഥമിക കര്ഷമക സഹകരണ സംഘങ്ങൾ മുഖേനയോഗുണഭോക്താക്കള്ക്ക് നേരിട്ടിതരണം ചെയ്തു വരുന്നു. നിലവിൽ സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോര്ഡു പെൻഷനുകൾ അതത് മാസം വിതരണം ചെയ്തുവരുന്നു |

സെക്ഷൻ ഓഫീസർ